ബസ്സുകളിൽ ഡീസലിനൊപ്പം നിശ്ചിത ശതമാനം വെള്ളം ചേർത്ത് ഓടിക്കുന്നതിനുള്ള പദ്ധതി

75 [2944] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സുകളിൽ ഡീസലിനൊപ്പം നിശ്ചിത ശതമാനം വെള്ളം ചേർത്ത് ഓടിക്കുന്നതിനുള്ള പദ്ധതി കെ. എസ്. ആർ. ടി. സി. പരീക്ഷണാടിസ്ഥാനത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പരീക്ഷിച്ച് ശരിയെന്നു കണ്ടെത്തിയ ഈ സാങ്കേതിക വിദ്യ കെ. എസ്. ആർ. ടി. സി.-യിൽ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. തിരുവനന്തപുരം-സെൻട്രൽ ഡിപ്പോയിലെ റ്റി. പി: 971 റ്റാറ്റാ ഫാസ്റ്റ് പാസഞ്ചർ ബസ്സിലാണ് പരീക്ഷണം നടത്തിയത്. പരീക്ഷണവേളയിൽ എഞ്ചിനകത്തു വെള്ളം കയറുകയും എഞ്ചിൻ പ്രവർത്തിക്കാതാകുകയും ചെയ്തതിനാൽ പരീക്ഷണം നിർത്തുകയും ഉപകരണം ബാംഗ്ലൂരിലെ ''ജൽശക്തി'' പ്രൈവറ്റ് ലിമിറ്റഡ് കമ്പനി നീക്കം ചെയ്യുകയും ചെയ്തു. ആട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇൻഡ്യയുടേയോ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ടിന്റെയോ ആഭിമുഖ്യത്തിൽ ശാസ്ത്രീയപഠനം നടത്തി വാഹനനിർമ്മാതാക്കളുടെ അംഗീകാരത്തോടുകൂടി മാത്രമേ തുടർന്നുള്ള പരീക്ഷണം അതും ദീർഘകാലാടിസ്ഥാനത്തിൽ നടത്തുവാൻ സാദ്ധ്യമാകൂ. പ്രസ്തുത കമ്പനി എ. ആർ. എ. ഐ.-യുടെയോ സി. ഐ. ആർ. ടി.-യുടേയോ വാഹന നിർമ്മാതാക്കളുടേയോ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുമില്ല.

(ബി) കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഈ സാങ്കേതികവിദ്യ പരീക്ഷിച്ചു ശരിയെന്നു കണ്ടെത്തിയ വിവരം കെ. എസ്. ആർ. ടി. സി.-ക്കു ലഭിച്ചിട്ടില്ല. ഇക്കാര്യത്തിന് കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി ബന്ധപ്പെടുന്നതാണ്.

പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക്

കെ. എസ്. ആർ. ടി. സി.-യിൽ കൺസഷൻ ടിക്കറ്റ്

76 [2945] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എം. ഹസ്സൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്യൂട്ടോറിയൽ വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ പോകുന്നതിന് കെ. എസ്. ആർ. ടി. സി.-യുടെ ലൈൻ ബസ്സുകളിൽ കൺസഷൻ കാർഡ് അനുവദിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly